**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4176

24.10.2016 ൽ
മറുപടിക്ക്

**പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി അനുവദിച്ചു നൽകിയിട്ടുള്ള വാഹനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കോവൂർ കുഞ്ഞുമോൻ** | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി നിലവിൽ എത്ര വാഹനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ടെന്ന വിവരം ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾക്കായി ജില്ലകളിലേയ്ക്ക് അനുവദിക്കപ്പെട്ട വാഹനങ്ങളുടെ എണ്ണം ഇനം തിരിച്ച് ഇതോടൊപ്പം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | നിലവിൽ എത്ര ഡ്രൈവർമാരുടെ തസ്തികകൾ വകുപ്പിലുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | നിലവിൽ പോലീസ് വകുപ്പിലുള്ള ഡ്രൈവർമാരുടെ ജില്ല തിരിച്ചുള്ള തസ്തിക വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ശബരിമല ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസ് സേനാംഗങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന റ്റി.എ./ഡി.എ. കാലോചിതമായി പരിഷ്കരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ശബരിമല ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസ് സേനാംഗങ്ങൾക്ക് 25 ശതമാനം അധിക ഡി.എ. നിലവിൽ അനുവദിച്ച് വരുന്നുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ നിലവിലുള്ള സേനാംഗങ്ങൾക്ക് ലഭ്യമാക്കിവരുന്ന റ്റി.എ./ഡി.എ. കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | | |
| (ഇ) | പോലീസ് സേനയിൽ നിലവിൽ സി.ഐ.മാരുടെ എത്ര തസ്തികകൾ നികത്താതെ ഒഴിഞ്ഞു കിടപ്പുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | പോലീസ് സേനയിൽ 7 (ഏഴ്) സി.ഐ.മാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ